# ഓണത്തുമ്പി

ഓണപ്പതിപ്പ്




ഓടപ്പള്ളം ഗവ.ഹൈസ്ക്കൂൾ

## എഡിറ്റോറിയൽ



പുഷ്പ എം.എ.
എഡിറ്റർ

പ്രിയമുള്ളവരെ,
സമഭാവനയുടേയും സമത്വത്തിന്റെയും ഓർമ്മകളുണർത്തുന്ന സന്തോഷകരമായ അനുഭവമായിരുന്നു മലയാളികൾക്ക് , ഓണം . ' എന്നാൽ മുൻവർഷങ്ങളെ അപേക്ഷിച്ച്, ആ സന്തോഷം കൂട്ടായി പങ്കുവയ്ക്കാൻ കഴിയാത്ത ഒരു കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്. കോവി ഡ് - 19 മഹാമാരി നമ്മുടെ അധ്യയനത്തെയും കൂട്ടായ്മകളെയുമൊക്കെ താല്ക്കാലികമായി ഇല്ലാതാക്കിയിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ മുൻ കൈയ്യിൽ ഡിജിറ്റൽ രൂപത്തിൽ ഒരു ഓണപ്പതിപ്പ് തയ്യാറാക്കിയിരിക്കുകയാണ്. വിദ്യാർഥികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ടാണ് നാമിത് ചെയ്തിരിക്കുന്നത്. നൊമ്പരപ്പെടുത്തുന്ന അനുഭവങ്ങളാണ് ചുറ്റുമെങ്കിലും സർഗ സൃഷ്ടികളിലൂടെ ഓണപ്പതിപ്പിനെ മികച്ച അനുഭവമാക്കാൻ പരിശ്രമിച്ച എല്ലാ വിദ്യാർത്ഥികൾക്കും നേതൃത്വം നൽകിയ അധ്യാപകർക്കും അനുമോദനങ്ങൾ നേരുന്നു. കൊറോണ വൈറസ് ബാധയെത്തുടർന്നും പെട്ടിമുടി ദുരന്തിലും മരണപ്പെട്ട എല്ലാവർക്കും ആദരാഞ്ജലി കളർപ്പിച്ചുകൊണ്ട് , സന്തോഷവും ചിരിയും ഇനിയും തിരിച്ചു വരുമെന്ന പ്രതീക്ഷയോടെ എല്ലാവർക്കും ഓണാശംസകൾ നേരുന്നു....

നിറഞ്ഞ സ്നേഹത്തോടെ ..

പുഷ്പ ടീച്ചർ
(എഡിറ്റർ)

## സന്ദേശം




ഗീത എ.കെ.
ഹെഡ്മിസ്ട്രസ്സ്

പ്രിയരേ,

ഒരോണക്കാലം കൂടി വന്നെത്തിയിരിക്കുന്നു. ആഹ്ലാദത്തിന്റെ നിറവാർന്ന നിമിഷങ്ങളാണ് ഓരോ ഓണക്കാലവും കൊണ്ടുവരിക. രണ്ടു മൂന്നു വർഷങ്ങളായി പ്രളയമായും മഹാദുരന്തങ്ങളായും കൊറോണ വ്യാധിയായും ഉള്ള പ്രകൃതിയുടെ ഇടപെടൽ ഓണാഘോഷത്തിന്റെ മാറ്റു കുറച്ചിട്ടുണ്ട് എന്ന് നമുക്കറിയാം. എങ്കിലും മലയാളികളായ നമുക്ക് ഓണം ആഘോഷിച്ചാലേ മനസ്സു നിറയൂ.

ഓണം പ്രത്യാശയുടെ, അതിജീവനത്തിന്റെ അടയാളമാണ്. പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തിയിട്ടും ഉയിർത്തുവന്ന മാവേലിയുടെ കഥ എക്കാലത്തെയും മനുഷ്യന്റെ വിമോചന സ്വപ്നമാണ്.

ഈ കൊറോണക്കാലത്തും ഓണത്തിന്റെ സൗന്ദര്യം ഒപ്പിയെടുത്ത് ഓണത്തുമ്പി എന്ന പേരിൽ കുട്ടികളുടെ ഓണപ്പതിപ്പ് തയ്യാറാക്കാൻ മുൻകൈയെടുത്ത അണിയറ പ്രവർത്തകരെ അഭിനന്ദിക്കുന്നു.
'ഓണത്തുമ്പി'ക്ക് വിജയം നേരുന്നു.

എല്ലാവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ...

## സന്ദേശം



ശരത് എം.സി.
ഡിവിഷൻ കൗൺസിലർ
ബത്തേരി നഗരസഭ

'തുമ്പയും തുളസിയും മുക്കുത്തിപ്പൂവും
പിന്നെ മനസിൽ നിറയെ ആഹ്ലാദവുമായി
ഗൃഹാതുരത്വം നിറഞ്ഞ ഒരുപാട് കുട്ടിക്കാലഓർമകളുണർത്തി
ഒരു പൊന്നോണം കൂടി വരവായി.'

മാനവരാശി ആഗ്രഹിക്കാത്തതും പ്രതീക്ഷിക്കാത്തതുമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കോവിഡ്-19 എന്ന മഹാമാരിക്കെതിരെ സർക്കാറും വിവിധ വകുപ്പുകളും ഒരുമിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ഈ നൊമ്പരങ്ങൾക്കിടയിലും പുതു പ്രതീക്ഷകളുടെ പൂവിളികളുമായി പൊന്നോണം കൂടി വരവായി.

ഈ വർഷം കൃത്രിമ നിറങ്ങളും പൂക്കളുമില്ലാതെ പ്രകൃതിയുടെ സ്വതസിദ്ധമായ പൂക്കളും ഒരുക്കിയും വീടുകളിൽ ഓണം ആഘോഷിക്കുകകയാണ്.

ഈ മഹാമാരിക്കിടയിലും തളർന്നുപോകാതെ കുട്ടികളുടെ സർഗശേഷിയെ പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന തരത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന് മുൻകൈയെടുത്ത അധ്യാപകർക്കും സൃഷ്ടികൾ നല്കിയ വിദ്യാർത്ഥികൾക്കും എല്ലാവിധ നന്മകളും നേരുന്നു.

എവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ

# സന്ദേശം



അനിൽ കെ.പി.
പി.ടി.എ. പ്രസിഡണ്ട്

പ്രിയപ്പെട്ടവരേ,
ഈ ഓണക്കാലം വ്യത്യസ്തമായ രീതിയിലാണല്ലോ നാമാഘോഷിക്കുന്നത്. ഏതു പ്രതിസന്ധിയിലും തളരാതെ, പ്രതീക്ഷയുടെയും അതിജീവനത്തിന്റെയും കരുത്തിൽ വളരാൻ ഈ വേറിട്ട ഓണാഘോഷം നമ്മെ സഹായിക്കട്ടെ!
മാഗസിനിൽ രചനകൾ നൽകിയവർക്ക് അഭിനന്ദനങ്ങൾ..
ഏവർക്കും സ്കൂൾ പി.ടി.എയുടെ ഹൃദ്യമായ ഓണാശംസകൾ...

# ഉള്ളടക്കം


ഓണക്കാലം

കൊറോണക്കാലത്തെ ഓണം

ഓണം - നമ്മുടെ ദേശിയോത്സവം

Onam – During Covid

ഓണച്ചൊല്ലുകൾ

ഓണം പൊന്നോണം

വാശി അരുത്

ഓണക്കളികൾ

ഓണത്തപ്പൻ

പൂക്കളങ്ങൾ

അമ്മയില്ലാത്ത ഓണം

ഓണ ചിത്രങ്ങൾ


ഓണം വരുന്നു .....പൊക്കോണം കൊറോണാ.....



ചന്ദന ചന്ദ്രൻ

# ഓണക്കാലം

അത്തം മുതൽ തിരുവോണം
നാൾ വരെ ഓണക്കാലമാണല്ലോ..
പ്രഭാതത്തിലുണർന്നു കൊണ്ട്
കുട്ടികളത്തമൊരുക്കുന്നു..

പൂക്കലിറുക്കാൻ പോകുന്നു നാം..
പൂക്കളിറുക്കാൻ പോകുന്നു..
മുക്കുറ്റിപ്പൂ, തുമ്പപ്പൂവും
നമ്മേ നോക്കി ചിരിക്കുന്നു..

പൊന്നോണവെയിൽ വന്നെത്തുന്നു..
ഓണക്കോടിയുടുക്കുന്നു..
ഓണസദ്യയിലെന്തെല്ലാം..
പത്തുകൂട്ടം കറികളുമുണ്ടേ,
അവിയൽ, സാമ്പാർ, കൂട്ടുകറി
രണ്ടു കൂട്ടം പായസവും..

ഓണക്കളികൾ ഓണവിരുന്നും
ആഘോഷിച്ചു നാമോണം..



പ്രിൻസ് ഇമ്മാനുവൽ
4 A

# കൊറോണക്കാലത്തെ ഓണം

മാന്യ സദസിനു വന്ദനം.

നന്മയുടെ ഓണ പൂക്കളുമായി പൊന്നിൻ ചിങ്ങം എത്തിക്കഴിഞ്ഞു. ഇടമുറിയാതെ മഴ പെയ്യുന്ന കർക്കിടകത്തിന്റെ ഇരുട്ടിൽ നിന്ന് ചിങ്ങ നിലാവിലേക്കു നാം പ്രവേശിച്ചു കഴിഞ്ഞു. അതെ ഓർമകളുടെ ഒരായിരം പൂക്കളുമായി വീണ്ടുമൊരു പൊന്നോണകാലം വരവായി.

ലോകമെമ്പാടുമുള്ള മലയാളികളുടെ മുഴുവൻ ഉത്സവമാണ് ഓണം. ജാതി മത ഭേദമെന്യേ മലയാളികൾ ഓണം ആഘോഷിക്കുന്നത് നമുക്ക് അഭിമാനാർഹം തന്നെ.

"മാവേലി നാട് വാണീടും കാലം മാനുഷ്യരെല്ലാരും ഒന്നുപോലെ " ശ്രീനാരായണ ഗുരുവിന്റെ ശിഷ്യൻ ആയ സഹോദരൻ അയ്യപ്പൻ എഴുതി എന്ന് കരുതപ്പെടുന്ന ഈ വരികൾ ഓണം ആഘോഷിക്കുന്നതിലൂടെ നാം അർത്ഥവത്താക്കുകയാണ്. എല്ലാവരും ഒത്തുചേർന്നു പൂക്കളം ഒരുക്കിയും വിവിധ തരം കളികൾ നടത്തിയും ആണ് നാം ഓണം ആഘോഷിക്കുന്നത്. വിഭവ സമർത്ഥമായ ഓണസദ്യ ഒരുക്കുന്നതും ഓണക്കോടികൾ കൈമാറുന്നതും നമ്മുടെ ഓണാഘോഷത്തിന്റെ ഭാഗമാണ്.

എന്നാൽ ഈ വർഷത്തെ നമ്മുടെ പൊന്നോണം വളരെ അധികം പ്രത്യേകതകൾ നിറഞ്ഞതാണ്. ഇത്തവണ കോവിഡ് എന്ന മഹാമാരി ഓണത്തിന്റെ നിറം കെടുത്തി. ആഘോഷപരിപാടികളും യാത്രകളും ഒക്കെയായി ഓണനാളുകളും അവധിക്കാലവും ആഘോഷിച്ചിരുന്ന മലയാളികളുടെ ഈ വർഷത്തെ ഓണം വീടുകളിൽ ഒതുങ്ങും എന്നത് ആണ് പ്രത്യേക. കൊറോണ വൈറസിന്റെ വ്യാപനം മൂലം നമ്മുടെ ഗവണ്മെന്റ് തന്നെ ആഘോഷ പരിപാടികൾ പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഈ ഓണക്കാലത്തെ നമ്മുടെ ലക്ഷ്യം രക്ഷ നേടുക എന്നുള്ളതാണ്. അതുകൊണ്ട് ഗവണ്മെന്റിന്റെ നിർദ്ദേശങ്ങൾ ശിരസ്സാവഹിച്ചു കൊണ്ട് ഈ ഓണക്കാലത്തെ കൊറോണയെ അകറ്റി നിർത്താൻ ശ്രമിക്കാം. കൊറോണ വൈറസിന്റെ വ്യാപനം മൂലം പലർക്കും സ്വന്തം വീട്ടിലേക്കു ഓണം ആഘോഷിക്കുവാൻ പോകാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ആർഭാടങ്ങളില്ലാതെ മറ്റുള്ളവരെ സഹായിച്ചു കൊണ്ടും നമ്മുടെ നാടിനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടും ആവണം ഈ വർഷത്തെ ഓണം. നമ്മുടെ സഹായം ആവശ്യം ഉള്ളവർക്ക് കഴിയും വിധം സഹായിക്കുവാൻ ശ്രദ്ധിക്കണം. അങ്ങനെ മാവേലി തമ്പുരാന്റെ കാലത്തെ പോലെ ഐക്യത്തിൽ ജീവിക്കാം.

നിറപറയും നിലവിളക്കും വച്ചു പൂക്കളമൊരുക്കി മാവേലി തമ്പുരാനേ വരവേൽക്കാനായി കാത്തിരിക്കുന്ന എല്ലാ മലയാളി സഹോദരങ്ങൾക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾനേർന്നുകൊണ്ട് നിർത്തുന്നു.

നന്ദി... നമസ്കാരം



റിൻസ് പ്രതീഷ്
2 A

# സന്തോഷം

ഓണം വന്നു വിളിച്ചപ്പോൾ
ഉണ്ണിക്കുട്ടന് സന്തോഷം
ഓണക്കോടിയും പൂക്കാലവും
സദ്യയുമുണ്ടേ
കെങ്കേമം





തീർത്ഥ സി .എസ്.
4A

# ഓണം - നമ്മുടെ ദേശീയോത്സവം

നമ്മുടെയെല്ലാം മനസ്സുകളെ കുളിരണിയിച്ചുകൊണ്ട് വീണ്ടും ഓണം വന്നെത്തി.നമ്മുടെ ദേശിയോത്സവമാണ് ഓണം. പണ്ട് നമ്മുടെ നാട് ഭരിച്ചിരുന്ന രാജാവായിരുന്നു മഹാബലിത്തമ്പുരാൻ. അദ്ധേഹം നമ്മെയെല്ലാം കാണാൻ വരുന്ന സുദിനമാണ് തിരുവോണം. മാവേലിയെ വരവേൽ ക്കാൻ വേണ്ടിയാണ് നമ്മളെല്ലാം മുറ്റത്ത്പൂക്കളമൊരുക്കുന്നത്. സദ്യയും ഓണക്കളികളും വള്ളം കളിയും പുലികളിയുമൊക്കെയാണ് ഓണത്തിന്റെ പ്രത്യേകതകൾ. കാണം വിറ്റും ഓണം ഉണ്ണണമെന്ന് പറയാറുണ്ട്. എല്ലാവർക്കും നന്മ നിറഞ്ഞ ഓണാശംസകൾ നേരുന്നു.



Anju Rose Joshy
5B

# Onam - During covid 19

Dear teachers and hello friends ,

Hope everyone is doing good.

As we all know, at present, we live in the middle of covid 19 pandemic which is separating us to be physically present in the school. But why not we can virtually present through online platforms to meet our family members too during this Onam celebration day.

Let's remember that Onam is a sign of love and harmony. The traditional customs that are associated with Onam is not only just a festival but also a unique gathering of our Kerala community where our tradition starts its culture with its people equal with concern and care.

So, let us remember to be safe and stay healthy even in the middle of our favourite Onam festival. Wishing you all a very happay and blessed Onam.





ദാനിഷ് മുഹമ്മദ്. പി . ടി
8A

# ഓണച്ചൊല്ലുകൾ

ഓണം മലയാളികളുടെ സംസ്ഥാനോത്സവമാണ്. ഓണത്തെ സംബന്ധിച്ച് പണ്ട് നിരവധി ചൊല്ലുകൾ നിലവിലുണ്ടായിരുന്നു. എന്നാൽ ഇന്ന് അതെല്ലാം മറന്നുതുടങ്ങി എന്ന് വേണം പറയാൻ. ഇന്നത്തെ തലമുറ മറന്നുതുടങ്ങിയ ചില ഓണച്ചൊല്ലുകൾ നോക്കാം.

1 അത്തം പത്തിന് പൊന്നോണം.

2 അത്തം വെളുത്താൽ ഓണം കറുക്കും.

3 അത്തം പത്തോണം

6 ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന്റെ കുമ്പിളിൽ തന്നെ കഞ്ഞി.

7 ഓണത്തപ്പാ കുടവയറാ എന്നു തീരും തിരുവോണം.

8 ഓണത്തിനടയ്ക്കാണോ പുട്ടു കച്ചോടം?

9 കാണം വിറ്റും ഓണമുണ്ണണം.

10 ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര.

11 ഓണം കേറാമൂല.

12 ഉണ്ടെങ്കിലോണം പോലെ അല്ലെങ്കിലേകാദശി.

13 ഉത്രാടമുച്ച കഴിഞ്ഞാൽ അച്ചിമാർക്കൊക്കെയും വെപ്രാളം.

14 ഉറുമ്പു ഓണം കരുതും പോലെ.

15 ഉള്ളതുകൊണ്ട് ഓണം പോലെ.



അഭിനവ് സുരേഷ്
7A

# ഓണം പൊന്നോണം

ഓണം വന്നല്ലോ
പൊന്നോണം വന്നല്ലോ
മലയാള കരയിൽ
പൊന്നോണം വന്നല്ലോ
തുമ്പകളാടുന്ന  കാറ്റിൽ
തുമ്പികൾ  പാറുന്ന
പൂക്കളിറുക്കാനായ്
കുട്ടികൾ പാറി നടക്കുന്ന
മാവേലി മന്നനെ എതിരേൽക്കാൻ
അത്തപ്പൂക്കളമൊരുക്കേണം
ഓണക്കോടികൾ വാങ്ങേണം
ഓണസദ്യയൊരുക്കേണം
തൃക്കാക്കരയപ്പനണഞ്ഞു
തിരുവോണ നാള പുലർന്നു
പൂവേ പൊലി പാടി നടക്കാൻ
പോരുന്നോ കൂട്ടരേ നിങ്ങൾ





ഐശ്വര്യ . എസ് . എസ്
8A

# ഓണം വരുന്നു..
# പൊക്കോണം കൊറോണാ..

ഓണം വരുന്നു പൊക്കോണം കൊറോണാ..

ഓണം വരുന്നു പൊക്കോണം കൊറോണാ..

"No Outing.. No Touching.."
Mask എട് Soap എട് Keep Distance

Mask എട് Soap എട് Keep Distance

ഓണം വരുന്നു പൊക്കോണം കൊറോണാ..

ടട്ടു ടട്ടുട ടട്ടു ടട്ടുട

ഡോക്ടറങ്കിളിന് വീട്ടീ പോണ്ടേ..?

നഴ്സമ്മയ്ക്കുമുറങ്ങേണ്ടോ..?

പോലീസ് മാമന് ഫ്രീയാവേണ്ടേ..?

ചാനലുകാർക്കൊരു സ്വസ്ഥത വേണ്ടേ..?    (2)

പൂവെട് പൂക്കളമിടാം..

കയറെട് ഊഞ്ഞാലിടാം..

ഇല നിറച്ച് കറിവിളമ്പി ഓണമുണ്ണാം..(2)

## നല്ലോണം സൂക്ഷിച്ചോണം..!

നസീന . പി . എം
6A

# വാശി അരുത്

ഒരിടത്ത് ഒരു ചെറിയഗ്രാമത്തിൽ അമ്മയും ഒരു മകളും ഉണ്ടായിരുന്നു. അതിൽ ഒരു കുട്ടി പാവമായിരുന്നു. മറ്റെ കുട്ടി ഭയങ്കര കുസൃതിയും. അവരുടെ അമ്മ ഒരു ദിവസം രണ്ടു പൂക്കൾ കൊണ്ടുവന്നു. ഒരു റോസാപൂവും ഒരു റോസാമൊട്ടും. കുസൃതിയായവൾ വിരിഞ്ഞ പൂവ് വേണമെന്ന് വാശിപിടിച്ചു. ചേച്ചി അവൾക്കതു വിട്ടുകൊടുത്തു. അവൾ മൊട്ട് എടുത്തു. എന്നിട്ട് അത് വെള്ളത്തിലിട്ടു വെച്ചു. അതു കണ്ട് അനിയത്തിയും അവളുടെ പൂ വെള്ളത്തിലിട്ടു.
നേരം വെളുത്തപ്പോൾ രണ്ടുപേരും അവരുടെ പൂക്കളുടെ അടുത്തേക്കോടി. ചേച്ചിയുടെ മൊട്ട് വിരിഞ്ഞിരുന്നു. എന്നാൽ അനിയത്തിയുടെ റോസാപൂവ് ചീഞ്ഞു പോയിരുന്നു. അനിയത്തി ചേച്ചിയുടെ കയ്യിലുള്ള പൂ വേണമെന്ന് വാശിപിടിച്ച് കരഞ്ഞു. ചേച്ചി അതും അവൾക്ക് കൊടുത്തു. ചേച്ചി എല്ലാവരെയും സഹായിച്ച് കൊണ്ടിരുന്നു. അനിയത്തിയെ അമ്മ പറഞ്ഞു മനസ്സിലാക്കി. പിന്നീടുള്ള കാലം അവർ സന്തോഷത്തോടെ ജീവിച്ചു.



ദാനിയ ഫാത്തിമ . പി . ടി
2B

# ഓണക്കളികൾ

ഓണക്കാലത്തോടനുബന്ധിച്ച് പലതരം വിനോദങ്ങളിലും കേരളീയ ജനത ഏർപ്പെടാറുണ്ട്. ചില ഓണക്കളികൾ പരിചയപ്പെടാം

## കൈകൊട്ടിക്കളി

സ്ത്രീകളുടെ പ്രധാന ഓണവിനോദമാണ് കൈകൊട്ടിക്കളി. വീടുകളുടെ അകത്തളങ്ങളുടെ സ്വകാര്യതകളിൽ നടത്തിപ്പോന്നിരുന്ന ഇത് പിൽകാലത്ത് മുറ്റത്ത പൂക്കളത്തിനു വലംവച്ചുകൊണ്ടും നടത്തിവരുന്നു. ഒരാൾ പാടുകയും മറ്റുള്ളവർ ഏറ്റുപാടുകയും ഒപ്പം വട്ടത്തിൽ നിന്ന് ചുവടുവച്ച് കൈകൊട്ടിക്കളിക്കുകയുമാണ് പതിവ്. ചിലയിടങ്ങളിൽ ഇത് വട്ടക്കളി എന്നും അറിയപ്പെടുന്നു

## പുലിക്കളി

പുലിയുടെ വേഷം കെട്ടിയുള്ള കളിയാണ് 'പുലിക്കളി'. ചിങ്ങമാസത്തിലെ ഓണാഘോഷത്തോടനുബന്ധിച്ചാണ് ഇത് അരങ്ങേറുന്നത്. നല്ല മെയ്‌വഴക്കവും ബലവുമുള്ള പുരുഷന്മാരാണ് പുലിവേഷം കെട്ടുന്നത്.

## സുന്ദരിക്ക് പൊട്ട്കുത്ത്

ഓണക്കാലത്ത് നടത്തുന്ന മറ്റൊരു കളിയാണ് സുന്ദരിക്ക് പൊട്ട്കുത്ത്. കണ്ണ് കെട്ടി സുന്ദരിയുടെ ചിത്രത്തില്(നെറ്റി)പൊട്ട് തൊടുന്നു.

## ഓണക്കുമ്മാട്ടി (കുമ്മാട്ടിക്കളി)

തൃശ്ശൂർ,പാലക്കാട്, വയനാട് തുടങ്ങിയ ജില്ലകളിൽ പ്രചാരത്തിലുള്ള ഒരു നാടൻ കലാരൂപമാണ് കുമ്മാട്ടി.

## ഓണത്തല്ല്

ഓണക്കാല വിനോദങ്ങളിൽ ഏറ്റവും പഴക്കമേറിയ ഇനമാണ് ഓണത്തല്ല്. ഓണപ്പട, കൈയ്യാങ്കളി എന്നും ഇതിന് പേരുണ്ട്കൈ പരത്തിയുള്ള അടിയും തടവും മാത്രമേ ഓണത്തല്ലിൽ പാടുള്ളൂ. മുഷ്ടിചുരുട്ടി ഇടിക്കയോ ചവിട്ടുകയോ അരുത്

## തലപന്തു കളി

ഓണക്കാലത്ത് കുട്ടികളും യുവാക്കളും പങ്കെടുക്കുന്ന മറ്റൊരു വിനോദമാണ് തലപന്തു കളി. മൈതാനത്തും വീട്ട്മുറ്റത്തും കളിക്കാവുന്ന ഈ വിനോദത്തിൽ ക്രിക്കറ്റ്കളിപോലെ ആകയുള്ളവർ രണ്ട് സംഘങ്ങളായി പിരിഞ്ഞ് ഒരു കൂട്ടർ കളിക്കുകയും മറ്റേ കൂട്ടർ കാക്കുകയും ചെയ്യുന്നു. ഏകദേശം 150 സെ.മീ നീളമുള്ള ഒരു കമ്പ് നാട്ടി ആ കമ്പിൽ നിന്ന് കുറച്ചകലത്തിൽ നിന്നുകൊണ്ട് ഓലകൊണ്ടുണ്ടാക്കിയ പന്ത് ഒരു കൈകൊണ്ട് മുകളിലേക്കെറിഞ്ഞ് മറ്റേ കൈകൊണ്ട് പന്ത് പുറകോട്ട് തട്ടിതെറിപ്പിച്ച് കളി തുടരുന്നു. പൊങ്ങി വരുന്ന പന്ത് നിലം തൊടുന്നതിനു മുമ്പായി കാക്കുന്നവർ കൈപ്പിടിയിൽ ഒതുക്കിയാലും പന്ത് വീണിടത്ത് നിന്നെറിഞ്ഞ് നാട്ടിയിരിക്കുന്ന കോൽ തട്ടിത്തെറിപ്പിക്കാനും കഴിഞ്ഞാൽ പന്ത് തട്ടിയ ആൾ കളിക്ക് പുറത്താകും.



ദേവാനന്ദ് . സി . പി
1A

# ഓണത്തപ്പൻ

പൊന്നിൻ ചിങ്ങം വന്നല്ലോ
ഓണം വന്നേ പൊന്നോണം
അത്തപ്പൂക്കളം ഇടാമല്ലോ
ഓണപ്പുടവ ഉടുക്കാലോ
പൊന്നൂഞ്ഞാൽ ആടാലോ
ഓണസദ്യയൊരുക്കാലോ
ഓണക്കളികൾ കളിക്കാലോ
ഓണത്തപ്പാ മാവേലി
ഞങ്ങടെ വീട്ടിൽ വരുമോ നീ



# പൂക്കള മത്സരം



































നസീബ . പി . എം
8A

# അമ്മയില്ലാത്ത ഓണം

ആ ഗ്രാമത്തിലെ ഏറ്റവും ദാരിദ്ര്യം നിറഞ്ഞത് അവരുടെ കുടുംബത്തിലായിരുന്നു. രാമുവിന്റെ സ്ഥിരമായ മദ്യപാനമായിരുന്നു ഇതിന് കാരണം. എന്നും മദ്യപിച്ച് വീട്ടിലെത്തിയിരുന്ന അയാൾ ഭാര്യയെയും മകളെയും നിരന്തരം ഉപദ്രവിക്കുമായിരുന്നു. അയാളുടെ കുടി നിർത്താൻ വീട്ടുകാർ വളരെയധികം പരിശ്രമിച്ചിരുന്നെങ്കിലും ഫലമുണ്ടായില്ല. പട്ടിണി മാറ്റാൻ അമ്മ അടുത്ത വീടുകളിൽ ജോലിക്കു പോകാൻ തുടങ്ങി. പഠനത്തിൽ മിടുക്കിയായിരുന്നു മകൾ.

ഒരു ദിവസം ഒരോണക്കാലത്ത് അവൾ ഒരു പട്ടുപാവാട വേണമെന്ന് അമ്മയോട് ആഗ്രഹം പറഞ്ഞു. ക്ലാസിലെ മറ്റു കൂട്ടുകാർക്കെല്ലാം ഓണക്കോടിയുണ്ട്. അവളുടെ സങ്കടം കണ്ട് അമ്മ അവളെ സമാധാനിപ്പിച്ചു. " മോൾ വിഷമിക്കണ്ട , അമ്മ ആരോടെങ്കിലും കടം വാങ്ങിയിട്ടെങ്കിലും വാങ്ങിത്തരാം". പറഞ്ഞതുപോലെ അമ്മ കടം വാങ്ങി വീട്ടിൽ സൂക്ഷിച്ചു. ഒരു ദിവസം ജോലി കഴിഞ്ഞ് ഷോപ്പിൽ പോകാൻ ഒരുങ്ങുമ്പോൾ പണം കാണുന്നില്ല. അവൾ കുറെ നേരം കരഞ്ഞു.

കുറെ സമയം കഴിഞ്ഞ്, പുറത്തുപോയ അമ്മയെ കാണാതായപ്പോൾ അവൾ റോഡിലേക്ക് ഇറങ്ങിനോക്കി. അവിടെ ഒരാൾക്കൂട്ടം കണ്ട് അങ്ങോട്ട് ചെന്ന അവൾ ആ കാഴ്ച കണ്ടു ഞെട്ടി. അമ്മയെ ഒരു കാർ ഇടിച്ചു വീഴ്ത്തിയിരിക്കുന്നു. മരണവെപ്രാളത്തിനിടയിൽ അവളെ കണ്ട അമ്മ അവളുടെ നേർക്ക് കൈ നീട്ടി. "മോളേ ... നിന്റെ പട്ടുപാവാടയ്ക്കുള്ള പണമാണ്". അതോടുകൂടി അമ്മ മരണത്തിനു കീഴടങ്ങി. അച്ഛന്റെ മദ്യപാനത്തിന് ഒരു കുറവുമുണ്ടായിരുന്നില്ല. പഠനത്തിനുള്ള പണം കണ്ടെത്താൻ അവൾ പത്രം വിൽക്കാൻ തുടങ്ങി. ഇപ്പോഴും എല്ലാ ഓണക്കാലത്തും അവൾ അമ്മയെ കുറിച്ചോർക്കും .

അമൽ . പി . എ
7 A












ആദിത്യ ദേവ് . എ . എസ്
1 A





അരവിന്ദൻ . കെ . എസ്

7A






അൻഷിക . പി . ബി

2B

ആൻ ക്രിസ്റ്റ വർഗീസ്
9 A



# EDITORIAL BOARD




Chief Editor
**GEETHA . A . K (Headmistress)**

Editor:
**PUSHPA . M . A**

**Editorial Board**

DEEPA . T . N
SHIJINA . M . P
ZEENATH . A
JITHINJITH . P. A
DAVOOD . P . T

Cover design
ALBY SUDHEESH (9 B)
AVANTHIKA (8 A)



പുഷ്പ . എം . എ

# ഓർമ്മയിലെ ഓണം

കളിചിരികൾ.... കളിമ്പങ്ങൾ
ചുറ്റിലും നിറയുന്നു.
പൂക്കുട .... പൂക്കളം
ആഹ്ലാദ മേളങ്ങൾ
പുതു വസ്ത്ര സ്വപ്നങ്ങൾ
നിറയുന്ന .... മാനസം
പപ്പടം.... പാലട
സദ്യ തൻ നറുമണം
കൂടിക്കലരുന്ന ഗന്ധമെങ്ങും ...
ഊഞ്ഞാലിലായത്തി-
ലാടുന്ന ബാല്യങ്ങൾ
പൊന്നോണ പാട്ടുമായ്
പാറിയെത്തി തുള്ളിക്കളിക്കുന്ന തുമ്പികളും
ഓണമൊരോമന സ്വപ്നമായ്
ബാക്കി നിൽക്കുന്നിതെൻ
മാനസത്തിൽ




**GOVT. HIGH SCHOOL ODAPPALLAM**
VALLUVADI PO, SULTHAN BATHERY, WAYANAD
Ph: 04936 223073
e- mail:ghsodappallam@gmail.com
Blog: ghsodappallam.blogspot.com